മലയാള മനോരമ 30 January 2023




കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ ക്ഷേത്രീയ രാജ്ഭാഷാ പുരസ്കാരം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി അജയ് കുമാർ മിശ്ര എന്നിവരിൽ നിന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണനും ഹിന്ദി ഓഫിസർ ഇ. കെ. ഉമയും സ്വീകരിക്കുന്നു.

# ക്ഷേത്രീയ രാജ്ഭാഷാ പുരസ്കാരം സിഎംഎഫ്ആർഐക്ക്

കൊച്ചി● ഭരണ നിർവഹണത്തിലും പ്രസിദ്ധീകരണങ്ങളിലും ഹിന്ദി ഭാഷ പ്രോത്സാഹനം മികച്ച രീതിയിൽ നടപ്പാക്കിയതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ക്ഷേത്രീയ രാജ്ഭാഷാ പുരസ്കാരം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിനു (സിഎംഎഫ്ആർഐ) ലഭിച്ചു. ദക്ഷിണ, ദക്ഷിണ-പശ്ചിമ മേഖലകളിലെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ വിഭാഗത്തിലാണു പുരസ്കാരം.

കഴിഞ്ഞ വർഷവും ഈ പുരസ്കാരം നേടിയിരുന്നു.

തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി അജയ് കുമാർ മിശ്ര എന്നിവരിൽ നിന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണനും ഹിന്ദി ഓഫിസർ ഇ. കെ. ഉമയും പുരസ്കാരം സ്വീകരിച്ചു.